നബി -صلى الله عليه وسلم- അൻസ്വാരികളെ കുറിച്ച് പറഞ്ഞു: "ഒരു
മുഅ്മിനല്ലാതെ (വിശ്വാസിയല്ലാതെ) അവരെ
സ്നേഹിക്കുകയില്ല. ഒരു കപടവിശ്വാസിയല്ലാതെ അവരെ
വെറുക്കുകയുമില്ല. ആരെങ്കിലും അൻസ്വാരികളെ സ്നേഹിച്ചാൽ
അല്ലാഹു അവനെ സ്നേഹിക്കുന്നതാണ്. ആരെങ്കിലും അവരെ
വെറുത്താൽ അല്ലാഹു അവരെ വെറുക്കുന്നതാണ്
ُه عَنُْه- ്ബറാഅ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- അൻസ്വാരികളെ കുറിച്ച് പറഞ്ഞു: "ഒരു
മുഅ്മിനല്ലാതെ (വിശ്വാസിയല്ലാതെ) അവരെ സ്നേഹിക്കുകയില്ല. ഒരു കപടവിശ്വാസിയല്ലാതെ
അവരെ വെറുക്കുകയുമില്ല. ആരെങ്കിലും അൻസ്വാരികളെ സ്നേഹിച്ചാൽ അല്ലാഹു അവനെ
സ്നേഹിക്കുന്നതാണ്. ആരെങ്കിലും അവരെ വെറുത്താൽ അല്ലാഹു അവരെ വെറുക്കുന്നതാണ്."
[صحيح] [متفق عليه]
മദീനക്കാരായ അൻസ്വാരികളെ സ്നേഹിക്കുക എന്നത് ഈമാനിൻ്റെ പൂർണ്ണതയുടെ അടയാളമാണെന്ന്
നബി -صلى الله عليه وسلم- അറിയിക്കുന്നു. കാരണം ഇസ്ലാമിനെയും നബി -صلى الله عليه وسلم- യെയും സഹായിക്കാൻ ആദ്യമായി
മുന്നോട്ടു വന്നവരാണവർ. മുസ്ലിംകൾക്ക് അഭയം നൽകാൻ അവർ ഏറെ പരിശ്രമിക്കുകയും, തങ്ങളുടെ
സമ്പത്തും ശരീരവും അല്ലാഹുവിൻ്റെ മാർഗത്തിൽ വിനിയോഗിക്കുകയും ചെയ്തു. അവരെ വെറുക്കുക
എന്നത് കപടവിശ്വാസത്തിൻ്റെ ലക്ഷണമാണെന്നും നബി -صلى الله عليه وسلم- അറിയിച്ചു. അൻസ്വാരികളെ
സ്നേഹിച്ചവരെ അല്ലാഹു സ്നേഹിക്കുന്നതാണെന്നും, അവരോട് വെറുപ്പു വെക്കുന്നവരെ
അല്ലാഹു വെറുക്കുന്നതാണെന്നും അതോടൊപ്പം നബി -صلى الله عليه وسلم- അറിയിച്ചു.
https://sunnah.global/hadeeth/ml/show/3438